**പ്രസിദ്ധീകരണത്തിന്**

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുള്ള (Economically Weaker Section) സംവരണം ഇന്ത്യൻ ഭരണഘടനാഭേദഗതി പ്രകാരം 2019 ജനുവരി ആദ്യമാണ് നിലവിൽവന്നത്. ഇത് കേരളത്തിൽ നടപ്പാക്കിക്കൊണ്ട് 23.10.2020-ലാണ് സർക്കാർഉത്തരവായത്. അതിനെ തുടർന്ന്,

(1) സംവരണേതരവിഭാഗത്തിന് നല്കുന്ന 10% സാമ്പത്തികസംവരണം, സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയ 3.1.2020 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട താണ്. 3.1.2020 മുതൽ നടത്തിയ നിയമനശുപാർശകളും നിയമനങ്ങളും പുനഃക്രമീകരിച്ച്, സംവരണേതരവിഭാഗങ്ങൾക്ക് ഇക്കാലയളവിൽ നഷ്ടപ്പെട്ടു പോയിട്ടുള്ള തൊഴിലവസരങ്ങൾ അവർക്ക് ലഭ്യമാക്കണം.

(2) പിന്നാക്കവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിനും അനുവദിച്ച രീതിയിൽ ഏതെങ്കിലും നിയമനവർഷത്തിൽ അർഹരായ EWS ഉദ്യോഗാർത്ഥികളെ നിയമന ത്തിനായി ലഭ്യമാകാതെ വന്നാൽ അത്തരം ഒഴിവുകൾ നികത്തപ്പെടാതെ മാറ്റി വയ്ക്കേണ്ടതും, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിനായി പ്രത്യേകവിജ്ഞാപനം (NCA) ഏറ്റവും കുറഞ്ഞത് രണ്ടു തവണയെങ്കിലും പുറപ്പെടുവിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് നല്കേണ്ടതും, അങ്ങനെയുള്ള വിജ്ഞാപനങ്ങൾക്കു ശേഷവും അത്തരം ഉദ്യോഗാർത്ഥികളെ ലഭ്യമാകാതെ വന്നാൽ ഓപ്പൺ കോമ്പറ്റീഷനിൽ (പൊതുവിഭാഗത്തിൽ) ഇടം നേടിയ സംവരണേതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കേണ്ടതുമാണ്.

(3) സംവരണേതരവിഭാഗത്തിൽപ്പെട്ടവരുടെ നിയമനടേൺ പുതുക്കി നിശ്ചയിക്കണം. ലാസ്റ്റ് ഗ്രേഡ് ഇതരവിഭാഗത്തിലും ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലും 10% ലഭി ക്കുമെന്നതിനാൽ ടേണുകൾ യഥാക്രമം 3, 11, 23, 35, 47, 59, 63, 75, 87, 99 എന്നിവയാക്കി നിശ്ചയിക്കണം.

എന്നീ മൂന്ന് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 25.11.2020-ലാണ് ബഹു. ഹൈക്കോടതി മുമ്പാകെ **എൻ.എസ്.എസ്.** റിട്ട് ഹർജി ഫയൽ ചെയ്തത്. കേസ് ഇപ്പോഴും കോടതി യുടെ പരിഗണനയിൽ ഇരിക്കുകയാണ്. മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കാ തെപോലും, 10 ശതമാനം സംവരണം നടപ്പാക്കി എന്ന് ആവർത്തിച്ചുള്ള സർക്കാരിന്റെ പ്രഖ്യാപനം വന്നപ്പോഴാണ് അതിനുവേണ്ടി ഹൈക്കോടതി മുമ്പാകെ 2021 ഫെബ്രുവരി 10-ന് ഉപഹർജി നല്കേണ്ടിവന്നത്. അതിന്മേൽ, മുന്നാക്കസമുദായപട്ടിക ഒരു മാസത്തി നകം പ്രസിദ്ധീകരിക്കണമെന്ന് 23.3.2021-ൽ ഹൈക്കോടതി ഉത്തരവുണ്ടായുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത പട്ടിക പ്രസിദ്ധീകരിക്കാതിരുന്ന സാഹചര്യത്തിലാണ് 1.6.2021-ൽ ചീഫ് സെക്രട്ടറിക്ക് എതിരെ കോടതിയലക്ഷ്യകേസ് ഫയൽ ചെയ്യുന്ന ആവശ്യത്തിലേക്ക് **എൻ.എസ്.എസ്.** വക്കീൽനോട്ടീസ് അയക്കാൻ ഇടയായത്. അതിനെ തുടർന്നാണ് കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതരവിഭാഗങ്ങളുടെ പട്ടിക (മുന്നാക്കസമുദായപട്ടിക) പ്രസിദ്ധീകരിച്ച് ഇന്ന് ഉത്തരവായിട്ടുള്ളത്.

പെരുന്ന
4.6.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി